പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 454 06.02.2013 -ലെ മറുപടി

ഡീസൽ വില വർദ്ധനവിനു മുൻപും ശേഷവുമുള്ള

കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം

ചോദ്യം

ശ്രീ. കെ. അജിത്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധനവിനു മുൻപും ശേഷവും കെ.എസ്.ആർ.ടി.സി. ക്കുണ്ടായിരുന്ന പ്രതിദിന നഷ്ടം എത്രയെന്നും വില വർദ്ധനവിനു ശേഷം നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ ; | (എ) | ഡീസൽ വില വർദ്ധനവിന് മുൻപ് പ്രതിദിന നഷ്ടം 2.5 കോടി രൂപയും, വർദ്ധനവിനു ശേഷം 2.97 കോടി രൂപയുമാണ്. |
| (ബി) | ഡീസൽ വില വർദ്ധനവിനുശേഷം എത്ര ഷെഡ്യൂളുകളാണ് സംസ്ഥാനത്ത് വെട്ടിക്കുറച്ചതെന്നും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്നും വെളിപ്പെടുത്തുമോ ; | (ബി) | ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഷെഡ്യൂളുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.ക്ക് ചുമത്തിയ ഡീസൽ വില വർദ്ധനവിനെതിരെ സംസ്ഥാന സർക്കാർ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള പ്രതികരണം എന്തെന്ന് അറിയിക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി. യെപ്പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഡീസൽ വില വർദ്ധനവിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.01.2013 -ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം -പ്രകൃതി വാതക വകുപ്പ് മന്ത്രിയ്ക്കും, ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. മറുപടി പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ